LIBRARY ARCHIVES Kerala Legislative Assembly

പെരിന്തട്ട വില്ലേജിലെ മിച്ചഭൂമി

150(3030) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പ് താലൂക്ക് പെരിന്തട്ട വില്ലേജിൽ ഇണ്ണോളി കുടുംബങ്ങളിൽനിന്നും മിച്ചഭൂമി ഏറ്റെടുക്കുമ്പോൾ ജൻമിക്ക് നിലനിർത്തിയ ഭൂമി അളന്ന് തിരിച്ച് കൊടുക്കണമെന്നുള്ള 3-9-2015-ലെ ഹൈക്കോടതി വിധി നടപ്പിലാക്കുന്ന മുറയ്ക്ക് പതിച്ച് കിട്ടിയ 81 പേരുടെയും ഭൂമി അളന്ന് തിരിച്ച് കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

3-9-2015-ലെ WP(C)11557/10-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ ഭൂമി അളന്ന് തിരിക്കുന്ന നടപടികൾ പുരോഗമിച്ച് വരികയാണ്. ഈ നടപടികൾ പൂർത്തീകരിക്കുന്നതുവരെ പ്രസ്തുത ഭൂമി മറ്റുള്ളവർക്ക് പതിച്ച് നൽകരുതെന്ന 5-4-2010-ലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന് പ്രാബല്യം ഉണ്ട്. ഭൂമി അളന്ന് തിരിക്കുന്ന നടപടികൾ ഉടൻ പൂർത്തിയാക്കുന്നതാണ് എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

കൊയിലാണ്ടി മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

151(3031) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ റവന്യൂ വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാം; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്ന് കൊയിലാണ്ടി മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം നൽകി; എത്ര തുക ഓരോ പദ്ധതിക്കും അനുവദിച്ചു ; വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട്; പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത എത്ര അപേക്ഷകൾ ഇനി കളക്ടറേറ്റിൽ തീർപ്പാക്കാനുണ്ട്?